**'മാസ്ക് മാസാണ്' ടാസ്കുമായി കുടുംബശ്രീ തൃശ്ശൂർ ജില്ലാമിഷൻ**

കോവിഡ്19 രോഗപ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ കുടുംബശ്രീ സംരംഭകർക്കും, അയൽക്കൂട്ട അംഗങ്ങൾക്കും, പൊതുജനങ്ങൾക്കുമായി വളരെ വ്യത്യസ്തമായ ഒരു മത്സരം അവതരിപ്പിച്ചിരിക്കുകയാണ് കുടുംബശ്രീ ജില്ലാമിഷൻ. ലോക്ക് ഡൗൺ കാലത്ത് എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമായി മാറിയ ഫേസ് മാസ്ക്, മനോഹരവും, വൈവിധ്യവും ആക്കി നിർമിക്കുന്ന ടാസ്ക് ആണ് കുടുംബശ്രീ തൃശ്ശൂർ ജില്ലാമിഷൻ അവതരിപ്പിച്ചിരിക്കുന്നത്. 2020 മെയ് 13 മുതൽ 17 വരെയാണ് മത്സരം സംഘടിപ്പിക്കുന്നത്. ഈ കാലയളവിൽ മികച്ചതും വൈവിധ്യവുമായ മാസ്കുകൾ നിർമ്മിച്ച് അവയുടെ ഫോട്ടോ അയച്ചു തരാൻ ആണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ നിർദേശിച്ചിരിക്കുന്നത്.

കുടുംബശ്രീ സംരംഭക യൂണിറ്റുകൾക്കും, അയൽക്കൂട്ട അംഗങ്ങൾക്കും 18 വയസ്സിനു മുകളിലുള്ള തൃശ്ശൂർ ജില്ലയിലെ സ്ഥിര താമസക്കാരായ വനിതകൾക്കും മത്സരത്തിൽ പങ്കെടുക്കാനാകും. മാസ്കിനെ മനോഹരവും വൈവിധ്യമാക്കുന്നതിനായി അഡിഷണൽ വർക്കുകൾ ചെയ്യാവുന്നതാണ് (ഫാബ്രിക് പെയിന്റിങ്ങുകൾ, എംബ്രോയ്ഡറി, സ്ക്രീൻ പ്രിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, ഡിജിറ്റൽ പ്രിന്റിംഗ് മുതലായവ). ജില്ലാമിഷനിൽ നിന്നും നൽകുന്ന നിർദേശപ്രകാരമുള്ള തുണി കൊണ്ട് തന്നെ ആയിരിക്കണം മാസ്ക് നിർമ്മിക്കേണ്ടത്. 19 സെന്റിമീറ്റർ നീളവും 12 സെന്റിമീറ്റർ വീതിയുമുള്ള മാസ്ക് ആണ് മത്സരാർത്ഥികൾ നിർമ്മിക്കേണ്ടത്. മാസ്ക് പുറകിലേക്ക് കെട്ടുന്നതിനായി വള്ളിയോ, ഇലാസ്റ്റിക്കോ ഉപയോഗിക്കാവുന്നതാണ്. മാസ്ക് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോകൾ മെറ്റീരിയൽ ഫോട്ടോ, കട്ടിംഗ് ഫോട്ടോ, മാസ്ക്

നിർമ്മിക്കുന്ന ഫോട്ടോ, മാസ്കിന്റെ ഫോട്ടോ, മാസ്ക് ധരിച്ചിട്ടുള്ള ഫോട്ടോ എന്നിങ്ങനെ പരമാവധി 5 ഫോട്ടോ ആണ് മത്സരാർത്ഥികൾ അയക്കേണ്ടത്. മാസ്ക് ധരിച്ചിട്ടുള്ള ഫോട്ടോ അയക്കുമ്പോൾ കുടുംബാംഗങ്ങളോടൊപ്പം മാസ്ക് ധരിച്ചു നിൽക്കുന്ന സെൽഫി (Family Selfie) ആയിരിക്കണം അയക്കേണ്ടത്. സെൽഫിയുടെ കൂടെ ഒരു അടിക്കുറിപ്പ് കൂടി നൽകേണ്ടതാണ് എന്നും ജില്ലാമിഷൻ നിർദേശിക്കുന്നു. ഈ അടിക്കുറിപ്പിലൂടെ 'കൊറോണ പ്രതിരോധം ഐക്യത്തിലൂടെ' എന്ന അർത്ഥം പ്രതിപാദിക്കുവാൻ മത്സരാർത്ഥികൾ ശ്രദ്ധിക്കണം. 2020 മെയ് 17 നു വൈകുന്നേരം 5 മണിക്കു മുൻപായി മാസ്കിന്റെ ഫോട്ടോ kshreemask20@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചു നല്കാൻ ആണ് നിർദേശം നൽകിയിരിക്കുന്നത്.

മത്സരത്തിൽ നിന്നും 3 വിജയികളെ ജില്ലാമിഷൻ തിരഞ്ഞെടുക്കുന്നതാണ്. കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് പ്രോത്സാഹന സമ്മാനം നൽകും. വിജയികൾക്കുള്ള സമ്മാനവിതരണം ലോക്ക് ഡൗൺ തീരുന്ന മുറക്ക് നൽകും. മികച്ച മാസ്കുകളുടെ ഫോട്ടോ കുടുംബശ്രീ തൃശൂർ ജില്ലാമിഷന്റെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓൺലൈനിൽ നിന്നോ, മറ്റു കട കമ്പോളങ്ങളിൽ നിന്നോ മാസ്ക് വാങ്ങി അയച്ചു തരുന്നവരെ മത്സരത്തിൽ നിന്നും അയോഗ്യരാക്കുന്നതാണ് എന്നും കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ അറിയിച്ചിരിക്കുന്നത്. പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഇന്ന് പുറത്തേക്കിറങ്ങുമ്പോൾ ഒഴിച്ച് കൂടാനാവാത്ത ഒരു വസ്തു ആയി മാറിയിരിക്കുന്ന മാസ്കുകൾ ഉപയോഗിച്ചൊരു മത്സരം സംഘടിപ്പിക്കുക വഴി, ജനങ്ങളെ മാസ്കുകൾ ധരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ഓർമ്മപ്പെടുത്തുകയുമാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ.